# Index

Vicar's Message……………………………...… 2

Article ......................................................... 4

Article ......................................................... 6

Bible Crossword ….....................................… 8

Bible Quiz ................................................. 10

Story ......................................................... 12

Announcements.......…………………….…... 16

Events Photos.....………………………...…… 19



# Vicar's Message

## ത്രിയേക ദൈവത്തിനുസ്തുതി

ഞാൻ കാർമുകിലിനെപ്പോലെ നിൻെറ ലംഘനങ്ങളേയും മേഘത്തെപ്പോലെ നിൻെറ പാപങ്ങളേയും മായ്ച്ചു കളയുന്നു. എങ്കലേക്ക് തിരിഞ്ഞുകൊൾക. ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു.(യേശയ്യ:44:22-28)

അത്യുന്നതനായ ദൈവത്തിൽ നിന്നു അകന്നു പോകുന്ന സൃഷ്ടിയെ ദൈവം തിരികെ വിളിക്കുന്നു. 'എങ്കലേക്ക് തിരിഞ്ഞുകൊൾക' എന്നത് ദൈവത്തിൻെറ ആഹ്വാനമാണ്. എന്നാൽ ഈ ആഹ്വാനം ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു എന്ന പ്രഖ്യാപനത്തിൽ അധിഷ്ഠിതമാണ്. ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു എന്ന പ്രഖ്യാപനം, ഈ പ്രവചനം ആദ്യമായി കേട്ട ജനത തങ്ങളുടെ ജീവിത അനുഭവങ്ങളോട് ചേന്നു ചിന്തിക്കേണ്ടതാണ്. ബാബിലോണ്യ പ്രവാസികളായ യഹൂദന്മാരോടാണ് പ്രവാചകൻ സംസാരിക്കുന്നത്. പ്രവാചകൻെറ ഈ വാക്കുകൾ ശ്രവിക്കുമ്പോഴും അവർ അടിമ നുകത്തിൽ തന്നെയാണ്. അത്യുന്നതനായ ദൈവം തീരുമാനിച്ച കാര്യം നടക്കും എന്ന നിശ്ചദാർഢ്യമാണ് ഈ പ്രസംഗത്തിൻെറ മുമ്പിലുള്ളത്. വിടുവിക്കുവാൻ ദൈവം മതിയായവനാണെന്ന സത്യവും വഴികളും വകകളും ദൈവം തന്നെ കണ്ടെത്തുമെന്നുള്ള ഒരു നിശ്ചയവും കൂടെയുണ്ട്. ദൈവത്തിൻെറ വചനം പറയുന്നു (യെഹസ്കിയേൽ 37:5) "നിങ്ങൾ ജീവിക്കേണ്ടതിന് ഞാൻ നിങ്ങളിൽ ശ്വാസം വരുത്തും." തീർത്തും നിരാശജനകമായിരുന്നു ബാബിലോൺ പ്രവാസം. ഉണങ്ങിയ അസ്ഥിപോലെ നിർജ്ജീവമായിരുന്നു. ദൈവത്തിൻെറ വചനത്തിൻെറ ശക്തിയാൽ ജീവൻെറ സാധ്യത തെളിഞ്ഞുവന്നു. നമ്മുടെ ജിവിത യാത്രയിൽ ആവശ്യമായ കരുത്തും ആന്തരിക ചൈതന്യവും ഉന്മേഷവും കുടികൊള്ളുന്നത് ദൈവത്തിൻെറ വചനത്തിലാണ്. ആരാധനയിൽ വി.കുർബ്ബാനയിൽ നാം ആദ്യഭാഗത്ത് പാടുന്നുണ്ട്, 'മോചനമതിനായ് പാപികളെ വരുവിൻ............'. ദൈവപക്ഷത്തേക്കു ചേന്നു വരുവാൻ ദൈവം ആഗ്രഹിക്കകൊണ്ട് തൻെറ മക്കളെ വിളിക്കുകയാണ്. ഇവിടെ ആശ്വസിപ്പിക്കുന്ന ദൈവത്തിൻെറ മുഖമാണ്

കാണുന്നത്. ജീവിത പ്രാരാബ്ദത്തിൻെറ പ്രതിസന്ധിയിൽ ആകുലതകൾ, രോഗങ്ങൾ, മാനസിക അസ്വസ്ഥതകൾ, സംഘർഷങ്ങൾ തുടങ്ങി ഏതൊക്കെ മേഖലകളിലാണ് നമ്മുടെ ഊർജ്ജം ചോന്നു പോകുന്നത്, അവിടെയെല്ലാം ദൈവത്തിൻെറ കരസ്പർശം നമുക്കുണ്ട് എന്നുള്ള ബോധ്യമാണ് ഇവിടെ തരുന്നത്.

ദൈവ സന്നിധിയിലേക്ക് നമ്മെ വിളിക്കുന്നത് നവീന മനോഭാവത്തിൻെറ വക്താക്കളാകാൻ വേണ്ടിയാണ്. കലുഷിതമായ സാമൂഹീക പശ്ചാത്തലത്തിൽ പാപ പങ്കിലമായ ജീവിത അനുഭവങ്ങളിൽ നിന്നു വേറിട്ട് ചിന്തിക്കാനുള്ള ഉദ്ബോധനം. ജലയാത്രയിൽ തോണി കണക്കുള്ള ജീവിതം. വെള്ളം ആവശ്യമാണ് യാത്രക്ക്, പക്ഷേ തോണിക്കുള്ളിൽ വെള്ളം കയറിയാൽ മുങ്ങും, യാത്ര പരാജയപ്പെടും, സൂഷ്മതയോടെ നിയന്ത്രിച്ചാൽ ലക്ഷ്യത്തെത്താം. നവ ചൈതന്യത്തോടെ നമുക്ക് ജീവിക്കേണ്ടതിന് ദൈവം ശക്തി പകരും. ദൈവത്തിൻെറ വചനം പറയുന്നു “നിങ്ങൾ ജീവിക്കേണ്ടതിന് എൻെറ ആത്മാവിനെ നിങ്ങളിൽ ആക്കും.” (യെഹസ്:37:14).ഈ ജീവൻെറ ആത്മാവിനെ പുതുക്കലാണ് ഓരോ ആരാധനയിലും നമ്മൾ അനുഭവിക്കുന്നത്. ദൈവ സത്യത്തിലും ആത്മാവിലും ശരിയായി ആരാധിക്കുന്ന മൂല്യബോധമുള്ള, മാതൃകയുള്ളവരായി നമുക്ക് നമ്മുടെ ജീവിതവും നമ്മുടെ ബന്ധങ്ങളും രൂപപ്പെടുത്താം. ദൈവത്തിൻെറ ആത്മാവ് നമ്മെ സഹായിക്കട്ടെ.

സ്നേഹപൂർവ്വം,

ക്രിസ്തുയേശുവിൽ,

നിങ്ങളുടെ സജിയച്ചൻ.

## *Article*

### *ത്രിയേക ദൈവത്തിന് സ്തുതി*

**മക്കളെ എങ്ങിനെ വളർത്തണം. ശിക്ഷ നൽകിയോ, ശിക്ഷ നൽകാതെയോ? തിരുവചനങ്ങൾ നമ്മെ എന്തു പഠിപ്പിക്കുന്നു!**

1) ബാലൻ നടക്കേണ്ടുന്ന വഴിയിയിൽ അവനെ അഭ്യസിപ്പിക്ക. അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല.(സദൃശ്യ.22:6)

2) ബാലന് ശിക്ഷ കൊടുക്കാതിരിക്കരുത്. വടികൊണ്ട് അടിച്ചാൽ അവൻ ചത്തു പോകയില്ല. വടികൊണ്ട് അവനെ അടിക്കുന്നതിനാൽ നീ അവൻെറ പ്രാണനെ പാതാളത്തിൽ നിന്നും വിടുവിക്കും.(സദൃശ്യ.23:13,14)

3) വടി ഉപയോഗിക്കാത്തവൻ തൻെറ മകനെ പകയ്ക്കുന്നു. അവനെ സ്നേഹിക്കുന്നവനോ ചെറുപ്പത്തിലെ അവനെ ശിക്ഷിക്കുന്നു.(സദൃശ്യ.13:24)

4) മകനെ! കർത്താവിൻെറ ശിക്ഷ നിരസിക്കരുത്. അവൻ ശാസിക്കുമ്പോൾ മുഷിയുകയുമരുത്. കർത്ത്വ് താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു. താൻ കൈക്കൊള്ളുന്ന ഏതുമകനേയും തല്ലുന്നു എന്നിങ്ങനെ മക്കളോട് എന്നപോലെ നിങ്ങളോട് സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നു കളഞ്ഞുവൊ? നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ, ദൈവം മക്കളോടെന്നപോലെ നിങ്ങളോട് പെരുമാറുന്നു. അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളു! എല്ലാവരും പ്രാപിക്കുന്ന ബാലശിക്ഷ കൂടാതിരിക്കുന്നുവെങ്കിൽ നിങ്ങൾ മക്കളല്ല കൗലടേയന്മാരത്രെ (തന്തക്ക് പിറക്കാത്തവൻ-bastard) ഏതു ശിക്ഷയും തൽക്കാലം സന്തോഷകരമല്ല, ദുഃഖകരമത്രെ.... പിന്നത്തേതിലൊ അതിനാൽ അഭ്യാസം വന്നവക്ക് നീതി എന്ന സമാധാനഫലം ലഭിക്കും.(എബ്രായ 12:4-12)

മാതാപിതാക്കളുടേയും ഗുരുക്കന്മാരുടേയും സദുദ്ദേശത്തോടുകൂടിയുള്ള ശിക്ഷണത്തിൽ വളരുന്ന മക്കൾ മാത്രമെ ഒരു ഭവനത്തിനും ദേശത്തിനും അഭിമാനകരമായ നിലനിൽപിനു സഹായമായി ഭവിക്കുകയുള്ളു. അനുസരണമില്ലാതെ വളരുന്ന മക്കൾ, ഭവനത്തിനും ദേശത്തിനും മാത്രമല്ല, അവക്കുതന്നെ, നിത്യദുരിതത്തിൻെറ അനുഭവമായിരിക്കും. കുട്ടികളെ ശിക്ഷിക്കാതെ വളർത്തുവാൻ നിയമങ്ങൾ നിലവിലുള്ള രാഷ്ട്രങ്ങളിലെ

അരക്ഷിതാവസ്ഥയെക്കുറിച്ച് ആരും എഴുതണമെന്നില്ല. ദൈവ വചനം അനുസരിച്ച് മാതാപിതാക്കൾ മക്കളെ വളത്ത്കയും മക്കളും ആ ചട്ടകൂടിൽ വളരുകയും ചെയ്യുന്നുവെങ്കിൽ, ഭവനങ്ങൾക്കും രാഷ്ട്രത്തിനും അതു ഐശ്വര്യവും അഭിമാനവുമായിരിക്കും.

മക്കളെ ശിക്ഷിക്കരുത് എന്ന് നിയമമുണ്ടാക്കിയിരിക്കുന്ന രാജ്യങ്ങളിൽ, അനുസരണം കെട്ട് വളരുന്ന മക്കൾ മാതാപിതാക്കളേയും, സഹപാഠികളേയും മറ്റും വെടിവെച്ചു കൊല്ലുന്നത് സാധാരണമാണ്.

ശിക്ഷണം കൂടാതെ വളരുന്ന പെൺമക്കൾ abortion (ഗർഭഛിദ്രം) അവരുടെ ജന്മാവകാശമാണെന്ന് വാദിക്കുകയും അവരിൽനിന്നും തന്നെ പെൺ മാർപാപ്പാമാരെ വാഴിക്കുകയും പെൺ മാർപാപ്പാ അവളുടെ വാഴ്‌വ്കളെ അവളുടെ പെണ്ണാട്ടിൻ കൂട്ടങ്ങളെ അറിയിച്ച് ആശീർവദിക്കുകയും ചെയ്യുന്നു. പോരെ!

**നമ്മുടെ ചുമതല വായിക്കുക, വി.മത്തായി. 28: 16-20**

**പ്രതിഫലം വി.മത്തായി 10:42 വി.മാർക്കോസ് 10:17-31**

സ്നേഹപൂർവ്വം

ഫിനഹാസ് റബാച്ചൻ

മലേൽക്കുരിശ് ദയറാ

## *Article*

# ത്രീയേകദൈവത്തിന് സ്തുതി

ദൈവം തന്റെ സൃഷ്ടി കർമ്മത്തിൽ പങ്കാളിയാക്കുവാനായിട്ടാണ് വിവാഹത്തിലൂടെ വി വേർതിരിക്കുന്നത്. വിവാഹ ജീവിതം ഒരു രക്ഷാകരമായ വിളിയാണ്. ക്രൈസ്തവ വിവ ദൈവത്തിന്റെ ദാനമായി ഉൾക്കൊള്ളുവാൻ നമുക്ക് സാധിക്കണം. വിവാഹത്തിലൂടെ സ്ത്രീയും പുരു ഒരുമിച്ച് ജീവിക്കുവാനും പരസ്പരം ആശയവിനിമയങ്ങൾ നടത്തി പ്രോത്സാഹിപ്പിച്ചും മുന്നേറുമ്പോഴ അത് ആസ്വാദ്യകരമായിതീരുന്നത്. മുപ്പിരി ചരട് വേഗത്തിൽ അറ്റ്പോകയില്ല എന്ന് ദൈവവ വ്യക്തമാക്കുന്നതുപോലെ പുരുഷനും സ്ത്രീയും ക്രിസ്തുവുമായി ബന്ധിപ്പിച്ചാണ് വിവാഹത്തിലെ ഒരുമിച്ച് ജീവിയ്ക്കുവാൻ ഒരുക്കുന്നത്. ആദം ഏകനായിരിക്കുന്നത് നല്ലതല്ലെന്ന് കണ്ട ദൈവം അ തക്ക തുണയായി ഹവ്വയെ കൊടുത്തതുപോലെ ദൈവത്തിന്റെ സ്ഥാനപതിയായ പുരോഹി വിവാഹ കൂദാശ നടത്തുമ്പോൾ, ദൈവപദ്ധതിപ്രകാരമാണ് വിവാഹം നടക്കുന്നത് എന്ന് ജന ഓർമ്മപ്പെടുത്തുകയാണ്. ഒരുമിച്ച് ജീവിയ്ക്കുവാനുള്ള ഒരു പ്രതിജ്ഞാബന്ധതയാണ് വിവാഹത്തിലൂടെ പുരുഷനും സ്ത്രീയും സ്വായത്തമാക്കുന്നത്. സമ്പത്തിലും ദാരിദ്ര്യത്തിലും, നന്മയിലും തിന്മയ ആരോഗ്യത്തിലും രോഗത്തിലും, സുഖത്തിലും ദുഃഖത്തിലും, മരണം വരെയും ജീവിതപങ്കാളി ചേന്ന് നിൽക്കുവാനുള്ള ഒരു commitment. ക്രിസ്തു അരുളിചെയ്തത്, പുരുഷൻ തന്റെ മാതാവിനെ പിതാവിനേയും വിട്ട് തന്റെ ഭാര്യയോട് പറ്റിചേരുമെന്നും അവരിരുവരും ഒരുശരീര തീരുമെന്നുമാണ്.

വിവാഹജീവിതത്തെക്കുറിച്ച് ആലോചിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ സ്മൃതിപഥത്തില കൊണ്ടുവരുന്നത് നല്ലതാണെന്ന് തോന്നുന്നു. രണ്ട്പേരും വ്യത്യസ്തരാണെന്ന ചിന്ത ന നിയന്ത്രിക്കേണ്ടതാണ്. രണ്ട് മാതാപിതാക്കൾക്ക് ജനിച്ചവർ, രണ്ട് സംസ്ക്കാരങ്ങളിൽ നിന്നും വന്ന വ്യത്യസ്തമായ ജീവിതസാഹജര്യങ്ങളിൽ ജീവിച്ചവർ. അതുകൊണ്ട്തന്നെ ശാരീരികമാ ബൗദ്ധീകമായും, സാമൂഹികമായും, മാനസീകമായും, ആത്മീയമായും വ്യത്യസ്തത പുലർത്തുന്നവര സ്ത്രീയും പുരുഷനും എന്ന് ചിന്തിയ്ക്കണം. അതുകൊണ്ടുതന്നെ ശാരീരകമായും സംസ്ക്കാരപരമാ അവർ വ്യത്യസ്തരാണ്. അവരുടെ ജീവിത കാഴ്ച്ചപ്പാടുകളും പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന രീതി വ്യത്യസ്തമായിരിക്കും. ഈ വ്യത്യാസങ്ങൾ നമ്മൾ ആലോചിയ്ക്കുവാൻ തീരുമാനുക്കുമ്പോൾ കൂ ശാന്തമായി ജീവിതത്തെ വീക്ഷിക്കുവാനുംപ്രശനങ്ങളെ അഭിമുഖീകരിക്കുവാനും നമുക്ക് ഇടയാ ഇതാണ് ദൈവീക പദ്ധതി.

നിയമങ്ങൾ നിങ്ങളുടെ ജീവിതത്തെ നിയന്ത്രിയ്ക്കുവാൻ ഒരിക്കലും അനുവദിയ്ക്കരുത്. നേര തീരുമാനിയ്ക്കുന്നതുപോലെ മാത്രം ജീവിതം നയിക്കുവാൻ ശ്രമിച്ചാൽ ബന്ധങ്ങളിൽപ്പോലും യാന്ത്രികത കടന്നുവരുവാൻ ഇടയാകും. അടുക്കും ചിട്ടയും വേണ്ട എന്നതല്ല അർത്ഥം ജീവ നിയമങ്ങൾക്കുവേണ്ടി മാത്രമാകരുത്. അതുപോലെ തന്നെ വിവാഹത്തിന് മുൻപുണ്ടായിര ബന്ധങ്ങൾ നിങ്ങളുടെ കുടുംബജീവിതത്തെ ഒരിക്കലും കടന്നുവരുവാൻ അനുവദിക്കരുത്. കഴിഞ്ഞ കഴിഞ്ഞു എന്ന് കരുതുവാൻ ഇടയാകണം. ഒരിക്കലും നിങ്ങളുടെ മനസ്സിൽ ഉണ്ടായിരുന്ന വ്യക്തിയു സവിശേഷതകൾ ഉള്ളവ്യക്തിയെയല്ല ദൈവം നിങ്ങൾക്ക് ദാനമായി കയ്യിൽ വച്ചു തന്നിരിക്കുന കൂടുതൽ ശ്രേഷ്ഠതകൾ ഉള്ളവ്യക്തിയെയാണ്. അതുകൊണ്ട് നേരത്തെ ഉണ്ടായിരുന്ന ബന്ധ നിങ്ങളുടെ വിവാഹ ജീവിതത്തെ interfere ചെയ്യുവാൻ അനുവദിക്കരുത്.

ജീവിതത്തിൽ ഓരോദിനവും അത്ഭുതങ്ങളെ പ്രതീക്ഷിക്കുവാൻ തയ്യാറാകണം. ഇന്നലെ ഉണ്ടായിരുന്ന അവസ്ഥയല്ല ഇന്ന് നിനക്ക് ദൈവം നൽകുന്നത് എന്ന് മറക്കരുത്. ഇന്നത്തെപോലെ നാളെയും അനുഗ്രഹകരമായിരിക്കും അല്ലെങ്കിൽ നല്ലതായിരിക്കും എന്നും പ്രതീക്ഷിക്കരുത്. അപ്രതീക്ഷിതമായി ബുദ്ധിമുട്ടുകൾ ജീവിതത്തിലേക്ക് കടന്നുവന്നേക്കാം. അവയെ ബുദ്ധിപൂർവ്വം തരണം ചെയ്യുവാൻ സാധിക്കണം. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഒരാളെ മാത്രം കുറ്റം പറഞ്ഞ് പ്രശ്നങ്ങൾ വലുതാക്കാതെ അവയെ ഒരുമിച്ച് ഗൗരവപൂർവ്വം കൈകാര്യം ചെയ്യുവാൻ നമുക്കു സാധിക്കണം. ഒരാളെ മാത്രം പ്രശ്നങ്ങളിലേക്ക് തള്ളി വിടാതെ ഒരുമയോടെ പ്രശ്നങ്ങൾ മനസ്സിലാക്കി കൈകാര്യം ചെയ്യുമ്പോൾ കൂടുതൽ ഊഷ്മളതയുള്ളതാകും.

ജീവിതത്തിന്റെ അവസാനംവരെയുള്ള ഒരു commitment ആണ് ദമ്പതികൾ തമ്മിൽ ഉണ്ടായിരിക്കേണ്ടത്. പ്രശ്നങ്ങൾ ഉണ്ടാകുന്നതുവരെ ചുമതലാബോധത്തോടെ ഒരുമിച്ച് നിൽക്കും. പരസ്പരം ഉൾക്കൊള്ളാൻ സാധിക്കാതെ വരുന്നിടത്ത് പരസ്പരം കുറ്റപ്പെടുത്തി മാറിനിൽക്കുന്ന ഒരു പ്രവണത ആധുനിക കാലത്ത് വളരെയാണ്. ഒരുമിച്ച്നിന്ന് പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നില്ലെങ്കിൽ പള്ളിയുടെ വികാരിയുടെ ട്രുത്തോ കൗൺസിലിങ്ങ് സെൻററിലോ പോയിഅവരുടെ സഹായം തേടി ഒരുമിച്ച് നിൽക്കുവാൻ സാധിക്കണം.

പലപ്പോഴും പുസ്തകങ്ങളിൽനിന്നും മാധ്യമങ്ങളിൽനിന്നും കൂട്ടുകാരിൽനിന്നും മനസ്സിലാക്കിയ വിവാഹബന്ധമാണ് പലരു പ്രതീക്ഷിയ്ക്കുന്നത്, ജീവിതപങ്കാളിയിൽനിന്നും. എന്നാൽ യോജിപ്പിച്ച ദൈവത്തിന്റെ പദ്ധതി എന്നുള്ളത് രണ്ടുപേരും പരസ്പരം രുചിച്ചറിഞ്ഞ് മുന്നേറുക എന്നുള്ളതാണ്. ജീവിതാനുഭവങ്ങളിൽ നിന്നാണ് പരസ്പരം മനസ്സിലാക്കി മുന്നോട്ട് പോകേണ്ടത്. ഭാര്യയെയും ഭർത്താവിനെയും പരസ്പരം മനസ്സിലാക്കി അംഗീകരിച്ച് മുന്നോട്ട് പോകുവാൻ കഴിയുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്.


വിവാഹബന്ധങ്ങളിൽ യേശുക്രിസ്തു തന്റെ പരസ്യ ശുശ്രൂഷയിൽ ചോദിച്ച ചോദ്യം വളരെ പ്രസക്തമാണ്. യേശുക്രിസ്തു ചോദിക്കുന്നു നിങ്ങൾ എന്നെ ആരെന്ന് പറയുന്നു? ജനങ്ങൾ എന്നെ ആരെന്ന് പറയുന്നു എന്ന് ജീവിത പങ്കാളികൾ പരസ്പരം മൂല്യനിർണ്ണയം നടത്തി പോരായ്മകൾ പരസ്പരം കുറ്റപ്പെടുത്താതെ ബോധ്യപ്പെടുത്തി ചേർത്ത് നിർത്തുവാൻ കഴിയണം. അവിടെയാണ് ആത്മവിശ്വാസം വർദ്ധിക്കുന്നത്. പ്രതിസന്ധികളിൽ താങ്ങായി വർത്തിയ്ക്കുവാൻ സാധിയ്ക്കുന്നത്. കുടുംബം മുറിവുകൾ ഉണ്ടാക്കുന്ന സ്ഥലമല്ല മുറിവുകൾ വച്ചുകെട്ടുന്ന സ്ഥലമായി തീരട്ടെ എന്ന് പ്രാർത്ഥനയോടെ ആശംസിക്കുന്നു.

സ്നേഹപൂർവ്വം

Fr. ബൈജു ചാണ്ടി

# BIBLE CROSSWORD for OCTOBER 2014

The below portions are taken from the 'King James Version (KJV)' & 'King James New International Version (NIV)' Bible. Please refer the Chapter and Sentence number given below in these Bible. **'KJV'** is noted where it is taken from 'King James Version' and all others are from 'New International Version (NIV)'.




**ACROSS**

1- And the …………., and the pelican, and the gier eagle. (Lev. 11:18) (KJV)

5- a shelter from the storm and a ………… from the heat (Isa. 25:4) (NIV)

6- Jehoiada the priest took a chest and bored a ……….. in its lid. (2 Kings 12:9) (NIV)

7- He has delivered us from such a deadly ……….., and he will deliver us again. (2 Cor.1:10) (NIV)

8- And Israel vowed …. ………. unto the LORD (1, 3) (NUM. 21:2) (KJV)

9- which the Lord, the righteous Judge, will ……… to me on that day (2 Tim 4:8) (NIV)

10- Jacob's first born son (Gen. 29:32) (NIV)

12- for God did not ……………. her with wisdom (Job 39:17) (NIV)

14- ………….. the devil, and he will flee from you (James 4:7) (KJV)

16- gathering his wheat into the ……….. and burning up the chaff with unquenchable fire (Mathew 3:12) (NIV)

19- And I said, "Here …… …. Send me! (2, 1) (Isa. 6:8) (NIV)

20- Because thou saidst, ……….. against my sanctuary (Ezek. 25:3) (KJV)

21- The word meaning 'Decomposed' (James 5:2) (NIV)

22- to both the houses of Israel, for a ……. and for a snare to the inhabitants of Jerusalem. (Isa. 8:14) (KJV)

23- behold, the whole herd of swine ran violently down a …………… place into the sea, and perished in the waters (Mathew 8:32 (KJV)

**DOWN**

1- Come and ............ your master's happiness! (Mathew 25:21) (NIV)
2- This garment was seamless, ............ in one piece from top to bottom. (John 19:23) (NIV)
3- Cry ............., spare not, lift up thy voice like a trumpet (Isa. 58:1) (KJV)
4- As ............... babes, desire the sincere milk of the word (1 Peter 2:2) (KJV)
5- and a ........... shall be the breadth thereof. (Exodus 28:16) (KJV)
11- On the eighth day they must bring two male lambs and one ........ lamb a year old (Levi. 14:10) (NIV)
13- Part of a body (Judges 19:29) (NIV)
15- The city was kept under ................ until the eleventh year of King Zedekiah (2Kings 25:2) (NIV)
16- He rebuilt it, roofing it over and putting its doors and bolts and ......... in place. (Neh. 3:15 (NIV)
17- whose consciences have been seared as with ..... ......... iron. (1, 3) (1 Tim.4:2) (NIV)
18- and the people shall go out and gather a certain ........... every day, that I may prove them (Exodus 16:4) (KJV)

## Answer to Bible Crossword - September 2014

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 P | 2 A | 3 P | 4 E | 5 R | ■ | 6 A | 7 M | 8 A | 9 D |
| 10 A | B | U | S | E | ■ | 11 W | O | R | E |
| 12 S | O | R | T | S | ■ | 13 F | O | E | S |
| 14 S | W | E | A | T | ■ | U | N | D | E |
| ■ | ■ | ■ | 15 T | O | 16 I | L | S | ■ | R |
| 17 A | 18 D | 19 D | E | R | S | ■ | ■ | ■ | T |
| 20 R | A | W | ■ | 21 E | L | 22 E | C | T | ■ |
| A | 23 G | A | R | D | E | N | ■ | ■ | ■ |
| 24 G | O | R | E | ■ | ■ | O | ■ | ■ | ■ |
| 25 E | N | F | O | L | D | S | ■ | ■ | ■ |

# Winners
## Bible Crossword September 2014

1) Abel John Kuruvilla
2) Abel Rajan Varghese
3) Akhil Basil Paulose
4) Aleena Ealias
5) Alina Mahesh
6) Anitha Mariya Polson
7) Ann Jeepa Shaj
8) Blessy Mariyam Philip
9) Christian Paul
10) Christina Ealias
11) Christy Mary
12) Dan Abraham
13) Deo Saji
14) Diya saji
15) Edwin Mathew
16) Elias Mathew
17) Fiyona Eby
18) Flemy Sarah Eby
19) Irine Mary Paul
20) Kamal Baby Paul
21) Kezia Baby Paul
22) Kripa Susan Thomas
23) Lena Ann
24) Liya Sara Joseph
25) Mahal Mani Ulahannan
26) Merlin Mary
27) Milan Mani Mathew
28) Naina Mariam Prajeesh
29) Sarah Laji
30) Sebine Scaria
31) Serene Scaria
32) Sharon Paul
33) Steev Anson
34) Tania Anson

*Congratulations.....*

# Quiz No: 6 റോമർ 9 – 16

1. അന്യോന്യം വന്ദനം ചെയ്യേണ്ടത് എങ്ങനെയാണ്?

2. ആശയിൽ സന്തോഷിക്കുകയും കഷ്ടതയിൽ സഹിഷ്ണത കാണിക്കുകയും ചെയ്യുന്നവർ എന്തിലാണ് ഉറ്റിരിക്കേണ്ടത്?

3. വിശ്വാസം കേൾവിയാൽ വരുന്നു. കേൾവി എന്തിനാൽ വരുന്നു?

4. ആക്ക് ഇടർച്ചയും തടങ്ങലും വെക്കാതിരിപ്പാനാണ് നാം ഉറച്ചു കൊള്ളേണ്ടത്?

5. പട്ടണത്തിന്റെ ഭണ്ഡാര വിചാരകൻ എന്ന് പൌലോസ് പറഞ്ഞിരിക്കുന്നത് ആരെക്കുറിച്ചാണ്?

6. ദൈവത്തിന്റെ വഴികളും ന്യായവിധികളും എങ്ങനെയുള്ളതാണ്?

7. ഒരേ പിണ്ഡത്തിൽനിന്ന് മാനത്തിനും അപമാനത്തിനും പാത്രം ഉണ്ടാക്കുവാൻ അധികാരം ഉള്ളതാക്കാണ്?

8. ദൈവരാജ്യം ഭക്ഷണവും പാനിയവുമല്ല പിന്നെ എന്തെല്ലമാണ്?

9. യിസ്രായേൽ മക്കളുടെ എണ്ണം കടൽക്കരയിലെ മണൽപോലെ ആയിരുന്നാലും ശേഷിപ്പത്രേ രക്ഷിക്കപ്പെടു, എന്നു യിസ്രായേലിനെക്കുറിച്ചു വിളിച്ചു പറഞ്ഞതാരാണ്?

10. ദൈവം എല്ലാവരോടും കരുണ ചെയ്യേണ്ടതിന് എന്തിനാലാണ് എല്ലാവരെയും കളഞ്ഞത്?

11. ക്രിസ്തുയേശുവിൽ എന്റെ കൂട്ടുവേലക്കാർ എന്നു പൌലോസ് പറഞ്ഞതാരെക്കുറിച്ചാണ്?

12. നാം വിശ്വസിച്ച സമയത്തെക്കാൾ എന്താണ് ഇപ്പോൾ നമുക്ക് അധികം അടുത്തിരിക്കുന്നത്?

13. ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആക്കുന്നത് ആക്ക് നീതി ലഭിക്കുന്നതിനാണ്?

14. ദുഃഖവെള്ളിയാഴ്ച്ച നടത്തപ്പെടുന്ന രണ്ട് പ്രദിക്ഷണങ്ങൾ എന്തിനെ സൂചിപ്പിക്കുന്നു?

15. മ്കബലാനാ വിശുദ്ധ മദ്ബഹായിൽ എന്തിനുപയോഗിക്കുന്നു?

## Quiz No: 5 Answers (Romans 1 – 8)

1. നമുക്ക് നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ 5:5
2. വിശ്വാസം 1:8
3. ദൈവത്തിൻെറ ന്യായപ്രമാണത്തിൽ 7:22
4. നമ്മുടെ അവയങ്ങൾ 6:13
5. ലോകത്തിൽ 5:12
6. ആത്മാവിലുള്ള ഹൃദയപരിച്ഛേദനയിൽ 2:29
7. അബ്രാഹാമിനെ 4:17
8. ജീവനും സമാധാനവും 8:6
9. പാപം 3:23
10. കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ 6:23
11. അഗ്രചർമ്മത്തിൽ 4:9,10
12. മഹത്വം, മാനം, സമാധാനം 2:10
13. കൃപാവരം 5:16
14. കൂദോശ് ഈത്തോ
15. ദൈവമാതാവിൻെറ വചനിപ്പ് പെരുന്നാൾ

## Winners - Quiz No. 5

1) Aleyamma Thomas
2) Beena Mathew
3) Bisy Eby
4) Blessy Prajeesh
5) Elsy Abraham
6) Jean Sara Agith
7) Jismol Jayan
8) Joji Susan Mani
9) Lali Chandy Joshua
10) Lissy Paulose
11) Moly Baby
12) Sezil Baby
13) Shaiby Baby
14) Sheeja Polson
15) Shelby Jacob
16) Shiny Binu
17) Sindu Joji
18) Synee Deena Varghese

*Congratulations.....*

Usha Achenkunju



## മനോഹരമനസ്സ് (ചെറുകഥ)

'മനോഹരൻ' പേരുപോലെ അത്ര മനോഹരമല്ല അവന്റെ രൂപഭംഗി. 5 അടി പൊക്കം, മെലിഞ്ഞ ശരീരം. ഒരു ചെറിയ തോർത്തുമുണ്ട് കഴുത്തിൽ ഊരാംകുടുക്കായി മുറുക്കിയിട്ടിട്ടുണ്ട്. അതിന്റെ ഒരറ്റം കുറച്ച് താഴേയ്ക്ക് നീണ്ടുകിടക്കുന്നു. ബനിയനും മുണ്ടുമാണ് സ്ഥിരം വേഷം. കയ്യില്ലാത്ത ചുവന്ന ബനിയനിൽ നേരിയ കറുത്ത വരയുണ്ട്. അവന്റെ സാമ്പത്തിക പരാധീനതയെല്ലാം ആ ബനിയനിലും വസ്ത്രധാരണത്തിലും നിഴലിച്ചു കാണാം. കാലുകളുടെ ചെറിയ സ്വാധീനക്കുറവ് നടത്തത്തിലും പ്രകടമാണ് വായിൽനിന്നും എപ്പോഴും വെള്ളം ഊറി വന്നു കൊണ്ടിരിക്കും. ആരെ കണ്ടാലും ഒന്നു ചിരിക്കാൻ അവൻ മറക്കില്ല. അത് നിഷ്കളങ്കമായ ചിരിയാണ് കേട്ടോ. ഇത്രയും ആയാൽ ഏകദേശം 30 വയസ്സ് തോന്നിക്കുന്ന ആ മനോഹര രൂപം നിങ്ങൾക്ക് എളുപ്പം മനസ്സിൽ വരച്ചിടാൻ കഴിയും. ഇവന് ഈ പേര് നൽകിയ ആളെ ഒന്നു നേരിൽ കണ്ടിരുന്നെങ്കിൽ എന്ന് മനസ്സിൽ പറയാത്തവർ ആരും ഉണ്ടാകില്ല.

നാല് കലശുമരത്തിന്റെ തൂണിൽ അടയ്ക്കാമരത്തിന്റെ വാരിവെച്ച് ഓലമേഞ്ഞ ഒരു ചെറിയ ചായക്കടയിലാണ് അവന്റെ ജോലി. രാവിലെ നാലുമണിക്ക് കുഞ്ചെറിയ ചേട്ടന്റെ ഭാര്യ മാത്തിരി ചേടത്തി ഉണ്ടാക്കുന്ന വെള്ളയപ്പവുമായി അവൻ കടയിൽ വരും. കുഞ്ചെറിയ ചേട്ടൻ ആരാണെന്ന് അറിയാമോ. അദ്ദേഹമാണ് ഈ കടയുടെ ഉടമസ്ഥൻ. സ്വന്തമായി ഒരു കടത്തു വഞ്ചിയുമുണ്ട് അദ്ദേഹത്തിന്. ഈ കടയുടെ തൊട്ടടുത്തുതന്നെ ഒരു പുഴയും, മനോഹരമായ ഒരു പാടശേഖരവുമുണ്ട്. പുഴയോടു ചേർന്നുള്ള ഒരു പാറക്കൂട്ടം, അത് ആനയുടെ രൂപത്തിൽ ഉള്ളതുകൊണ്ട് അതിനെ എല്ലാവരും ആനപ്പാറ എന്നാണ് വിളിക്കുന്നത്. മഴക്കാലമാകുമ്പോൾ കുട്ടികൾ ആനപ്പാറയുടെ മുകളിൽനിന്നും പുഴയിലേക്ക് ചാടി മുങ്ങാംകുഴി ഇടുന്നതു കണ്ടാൽ എനിക്ക് ഓർമ്മ വരുന്നത്, കുഞ്ചെറിയ ചേട്ടന്റെ കടയിൽനിന്നും സ്ഥിരമായി വെള്ള യപ്പവും ചായയും കഴിച്ച് പൈസ കൊടുക്കാതെ മുങ്ങിനടക്കുന്ന വിദ്വാന്മാരും നല്ലവരുമായ നാട്ടുക്കാരെയാണ്."ഇന്ന് റൊക്കം നാളെ കടം" എന്ന് വെണ്ടക്ക അക്ഷരത്തിൽ എഴുതി വച്ചിട്ടുണ്ടെങ്കിലും കൂടുതൽ പൈസയും പറ്റു പുസ്തകത്തിന്റെ താളുകളിൽ ഉറങ്ങികിടപ്പാണ്. പുതിയ വിശേഷങ്ങൾ എന്തെങ്കിലും അറിയണമെങ്കിൽ രാവിലെ തന്നെ ഈ കടയുടെ അടുത്തെത്തണം. എന്തെങ്കിലും വിഷയം കിട്ടിയാലോ പിന്നെ അതിനെ കീറിമുറിച്ച് ഒരു പരുവത്തിലാക്കാനുള്ള തിരക്കാണ്. മൂന്ന് നാല് പേർക്ക് ഇരിക്കുവാനുള്ള വിധത്തിൽ ഒരു മരത്തടി ഇട്ടിട്ടുണ്ട്. കടത്തുവഞ്ചിയാണ് കുഞ്ചെറിയ ചേട്ടന്റെ അടുത്ത വരുമാനമാർഗ്ഗം.അതിലും

മനോഹരൻെറ പങ്ക് വലുതാണ്. കൂടുതലും കടത്തുവഞ്ചി തുഴയുന്നത് മനോഹരനാണ്. ഈ മനോഹരൻ എവിടെ നിന്നാണ് വന്നതെന്ന് കുഞ്ചെറിയ ചേട്ടനോ, ആ നാട്ടുകാക്കോ അറിയില്ല. അവൻ നിശബ്ദതയുടെ കാവൽക്കാരനാണ്. അതുകൊണ്ടുതന്നെ നാട്ടുകാക്ക് അവനെക്കുറിച്ച് ഒരു പരാതിയുമില്ല, പരിഭവവുമില്ല.

കടത്തുവഞ്ചിയാണ് ആ നാട്ടിലെ ഏക ആശ്രയം. തൊട്ടടുത്തുള്ള അമ്പലത്തിലേക്ക് പോകാനുള്ള ഭക്തരുടെ തിരക്കാണ് ഏറ്റവും കൂടുതൽ. ഒരാളെങ്കിലും കടത്തുകാശ് കൊടുക്കാതെ പോയാൽ പിന്നെ ഇത്രയും മോശമായ ഒരു കുഞ്ചെറിയ ചേട്ടനെ കാണാനെ കഴിയില്ല. എല്ലാവരുടെയും മുമ്പിൽ വച്ച് മാന്യമായി നാല് സംസാരിക്കാൻ ചേട്ടനെ കഴിഞ്ഞേ വേറെ ആളുള്ളു. കടത്തു വഞ്ചിയുടെ സ്ഥിതിയും ചേട്ടനെ പോലെ തന്നെ മോശമാണ്. എങ്കിലും കീൽ തേച്ചും, മിനുക്കിയും വെള്ളം, പുറമെയുള്ളതല്ല, വഞ്ചിയുടെ ഉള്ളിലുള്ളത് കോരികളയും. മനോഹരൻ എപ്പോഴും അതിൻെറ തുഞ്ചത്തിരിപ്പുണ്ടാകും. എപ്പോഴാണ് കുഞ്ചെറിയ ചേട്ടൻ ചീട്ടുകളിക്കാൻ പോകുന്നതെന്ന് പറയാനാവില്ല.ആ സമയത്ത് തുഴ പിടിക്കേണ്ട ജോലി മനോഹരനാണ്. കുഞ്ചെറിയ ചേട്ടൻെറ സ്വഭാവം നന്നായി മനോഹരന് അറിയാവുന്നതുകൊണ്ട് ഒന്നും പ്രത്യേകം പറയേണ്ട കാര്യമില്ല. അവിടെയും മനോഹരൻെറ നിശ്ശബ്ദത വിജയിച്ചു എന്നുതന്നെ പറയാം. അവൻ എവിടെ പോയാലും കൂട്ടുകാരനായ ഭാണ്ഡം കടയുടെ ബഞ്ചിൻെറ അടിയിൽ അവനെ കാത്ത് ഇരിക്കുന്നുണ്ടാകും.

നിറയെ പായലുള്ള പുഴയിൽ കുളിക്കുവാനുള്ള സ്ഥലം മാത്രം വലയിട്ട് തിരിച്ചിട്ടുണ്ട്. അവിടെ രാവിലെയും വൈകിട്ടും ഒരു മുങ്ങികുളി. പിന്നെ ജോലി പിരിഞ്ഞാൽ ആനപ്പാറയുടെ മുകളിൽ നീണ്ടുനിവന്നു കിടക്കും. കഴിഞ്ഞകാല സ്മരണകൾ അയവിറക്കാനല്ല. ഓർമ്മിക്കാൻ ഒന്നുമില്ലത്തവന് എന്ത് ഓർമ്മകൾ. ദൂരെ ആകാശത്തിൽ പാഞ്ഞുപോകുന്ന പഞ്ഞികൂട്ടം പോലെയുള്ള മേഘങ്ങളെ നോക്കി മനസ്സു മുഴുവൻ സന്തോഷം കൊണ്ട് നിറയ്ക്കും. നിരനിരയായി ചേക്കേറാൻ പോകുന്ന കിളികളെ നോക്കി ഉള്ളിൻെറ ഉള്ളിൽ ഒന്നു ചിരിക്കും. ഒരു ദിവസത്തെ അദ്ധ്വാനത്തേയും കഷ്ടപ്പാടിനേയും നിമിഷനേരം കൊണ്ട് മായിച്ചുകളയാൻ വേറെ എന്തിന് സാധിക്കും. കഴിഞ്ഞ കാലത്തെ അനുഭവങ്ങളും സ്മരണകളും വരും കാലത്തെ ആധിയും വ്യാധിയുമോത്ത് ദിനംപ്രതി ദുഃഖിക്കുന്ന നമുക്ക് ഉള്ളുതുറന്ന് ഒന്ന് ചിരിക്കാൻ കഴിയുമോ. അഥവാ ചിരിച്ചാൽ അതിനും വകഭേദങ്ങളുണ്ടാകില്ലേ.

കടയിൽ നടന്ന ഒരു സംഭവം കൂടി പറയാതെ കടന്നുപോയാൽ എൻെറ ഈ ജാലകകാഴ്ച്ച അപൂർവ്വമായിരിക്കും. കുഞ്ചെറിയ ചേട്ടൻെറ കടയുടെ സമീപം ഒരു

പാടശേഖരമുണ്ട് എന്ന് ഞാൻ പറഞ്ഞുവല്ലോ. ഇത് ഓരോരുത്തരുടെ വീതമാണ്. എല്ലാവരും തന്നെ ഈ കടയിലെ സ്ഥിരം പറ്റുകാരുമാണ്. അതിൽ ഡൊമിനിക് എന്നയാളുടെ പാടത്തിൽനിന്നും ഒരു തേങ്ങ, ഇത് ഡൊമിനിക്കിൻെറ അല്ല. മുകളിലെ വീട്ടുകാരൻെറ തെങ്ങിൽനിന്നും ഡൊമിനിക്കിൻെറ നിലത്തിൽ വീണതാണ്. അതും എടുത്തുകൊണ്ട് ഡൊമിനിക് കടയിൽവന്ന് ഒരു ചായയും കഴിച്ച് വർത്തമാനം പറഞ്ഞു കൊണ്ടിരുന്നപ്പോൾ കയ്യിലെ തേങ്ങ കുറച്ചസമയത്തേക്ക് താഴെവച്ചു. നിമിഷനേരം കൊണ്ട് താഴെവച്ച തേങ്ങ ആരോ അടിച്ചുമാറ്റി. ദേഷ്യം കൊണ്ട് ഡൊമിനിക്കിൻെറ മുഖം ചുവന്നു. അദ്ദേഹം അവിടെ നിന്ന എല്ലാവരടേയും ഊടുപാട് ചീത്തപറഞ്ഞു. അപ്പോൾ വിരുതനായ ഒരാൾ അവിടെ പറഞ്ഞ വാചകം വളരെ രസകരമായിരുന്നു."ഡൊമിനിക് ചേട്ടൻെറ ഒരു തേങ്ങയല്ലെ പോയുള്ളു. ഇവിടെ ചാപ്പയോ കുരിശോ എന്നറിയാൻ മുകളിലേക്ക് എറിഞ്ഞ ഒരു ഒറ്റ രൂപ നാണയം ഇതുവരെ താഴെ വന്നിട്ടില്ല". ഇതു കേട്ടപാടെ എല്ലാവരും ഉറക്കെ ചിരിച്ചു. അങ്ങനെ ഡൊമിനിക് ചേട്ടൻെറ ദേഷ്യവും മഞ്ഞുപോലെ ഉരുകിപോയി.

ഓ സംസാരിച്ച് സമയം പോയതറിഞ്ഞില്ല. മണി 6 ആയി. ഞാൻ ഈ ആനപ്പാറയിൽ ഒന്നിരിക്കട്ടെ. അക്കരെനിന്ന് ആരോ കടത്തുവള്ളത്തിനായി ഉറക്കെ വിളിച്ചു. ഞൊടിയിടയിൽ മനോഹരൻ കടത്തുവള്ളവും തുഴഞ്ഞ് അക്കരേയ്ക്ക് നീങ്ങി. കുഞ്ഞേറിയ ചേട്ടനെപ്പോലെ എല്ലാ അമർഷവും തുഴയിൽ തീർത്തുകൊണ്ടല്ല. പതുക്കെ പതുക്കെ പായലിനെ നീക്കിമാറ്റി വെള്ളത്തെപ്പോലും വേദനിപ്പിക്കാതെ, ആരോടും പരാതിയില്ലാതെ. അവൻെറ ഓരോ തുഴച്ചിലിലും ജലകണികകളുടെ അടങ്ങാത്ത ആഹ്ളാദം എനിക്ക് കേൾക്കാമായിരുന്നു. കലശു മരത്തിൻെറ ചില്ലയിൽ ആടികൊണ്ടിരിക്കുന്ന റാന്തൽ വിളക്കിൻെറ അരണ്ട വെളിച്ചത്തിൽ അവനെ കാത്തിരിക്കുന്ന ഭാണ്ഡം എനിക്ക് വ്യക്തമായി കാണാമായിരുന്നു. വിരഹ വേദന അനുഭവിക്കുന്ന ഒരു പ്രവാസിയെപോലെ. നാടിനും നാട്ടാർക്കും ഒരിക്കലും മരിക്കാത്ത സ്മരണകളിലെ മനോഹര മനസ്സിൻെറ ഉടമയായി അവനും കീല് തേച്ച് മിനുക്കിയ ആ വള്ളവും ദൂരേയ്ക്ക് നീങ്ങിക്കോണ്ടേയിരുന്നു. ഒട്ടും ബാഹ്യഭംഗിയില്ലാത്ത ഒരു കോട്ടയുടെ ഒരിക്കലും ഉറങ്ങാത്ത സുന്ദര കാവൽക്കാരെപോലെ................... അവർ യാത്ര തുടന്നുകൊണ്ടേയിരുന്നു.

**Baby Paul**



## Perunal Share Holders for the Memorial of Eldho Mor Baselious Bava (Kothamangalam) 3-10-2014

1 Achankunju V J
2 Adam Jaison & Reshma
3 Albert
4 Alex & Jaisy
5 Alias K Jacob
6 Anju & Anoop Kuriakose
7 Anson P Isaac & Family
8 Basil & Angel Eldho
9 Basil Binu
10 Basil Mathew
11 Basil Mathew Jijo
12 Basil P Raju
13 Basil Prince
14 Basil Renju
15 Ben Basil Baby
16 Bisha Paul
17 Dawn Samuel Roy
18 Diya & Deo
19 Don Sabu
20 E U Jacob & Family
21 Eby Jacob & Family
22 Eldho & Sawmya & Family
23 Eldho John
24 Eldho N C & Family
25 Eldho Nelson
26 Eldhose & Gincy
27 Eldo & Anna
28 Evin C Vinoy
29 George Alias & Family
30 Jeepa Shaj
31 Johan Ajith
32 John Alex & Paul Alex
33 John Alexander
34 Jyothish Jacob
35 Kristie Anu & Riju Mathew Kurian
36 Lijo George
37 M M Cheriyan
38 Manu Mathew Abraham
39 Mathew Roy
40 Minto Mathew
41 N V Paulose & Family
42 Noah Ahraham Prageesh
43 P M Cheriyan & Family
44 Paulose M K
45 Poulose Chacko
46 Prasanth Paul Geethu Prasanth
47 Raiju George
48 Reni Varghese
49 Richard John Shibu
50 Romy Abraham
51 Samuel & Manuel Benny
52 Sunil C P & Family
53 Sunil Chackochen & Family
54 V M Baby & Family
55 Varghese Pynadath Mathew
56 Varghese V Kurian
57 Alias P.V
58 Biju Varghese & Family
59 Dan Eldho Sony
60 Elna & Eldho
61 K.P. Joy
62 C.S. Cheriyan
63 Kathleen & Kenan Mathukutty
64 C.M. Joy
65 Basil Saiju Thomas
66 Dolly George
67 Sunil Thomas
68 Saji P. Thomas
69 Sunil Samuel
70 Santhosh C. Paul

# Announcements

**Oct 10 church picnic @ Adari Garden from 8.00 Am to 5.00 Pm.**

Note :- October 10 വെള്ളിയാഴ്ച church picnic ആയതിനാൽ വി.കുബ്ബാന 9–ാം തീയതി വ്യാഴാഴ്ച വൈകീട്ട് 7.30 pm. ആയിരിക്കും.

Oct. 17 യൂത്ത് അസോസിയേഷൻെറ ആഭിമുഖ്യത്തിൽ Alghana contracting ൻെറ അസ്ക്കറിലുള്ള ലേബർ ക്യാമ്പിൽ വച്ച് നടത്തുന്ന ഏകദിന മെഡിക്കൽ ക്യാമ്പ് (10.00 AM. to 2.00P.M.)

Oct. 24 സോഷ്യൽ സർവ്വീസ് ലീഗിൻെറ നേതൃത്വത്തിൽ Airmech ലേബർ ക്യാമ്പിൽ വച്ച് നടത്തുന്ന ഏകദിന മെഡിക്കൽ ക്യാമ്പ് (11.00 AM. to 3.00 P.M.)

Oct. 25 വനിതാ സമാജത്തിൻെറ നേതൃത്വത്തിൽ നടത്തുന്ന ഏകദിന Retreat ( 9.00 AM. to 1.00 P.M.)

## വിവാഹമംഗളാശംസകൾ

2014 August 18 ന് വിവാഹിതാരായ ശ്രീ.ജെബി പി. കുര്യാക്കോസ്, പ്രിയ ജെബിക്കും August 25ന് വിവാഹിതരായ ശ്രീ.മനോഷ് കോര, അന്ന മനോഷ് ദമ്പതികൾക്ക് എല്ലാവിധ വിവാഹമംഗളാശംസകളും നേരുന്നു.

## അനുശോചനം

നമ്മുടെ ഇടവകാംഗമായ ശ്രീ.റെജി വർഗ്ഗീസ്(R017)ൻെറ പിതാവും, ശ്രീ. എൽദോ പി.പി.യുടെ സഹോദരനും കർത്താവിൽ നിദ്ര പ്രാപിച്ച വിവരം വ്യസനസമേതമറിയിക്കുന്നു. സന്തപ്ത കുടുംബാഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുന്നതോടൊപ്പം, പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## New Born

Baby Girl to Sony Saju Eloor & Geethu Susan Paul
Baby Girl to Biju P. Kuriakose & Sheena Biju
Baby Girl to Manu K. Thomas & Shiji Manu
Baby Boy to Binoy P. Mathew & Ansa Thomas

# Happy Birthday



**Adhaniya, Aidan & Adhina (5th Happy Birthday on 7th October)**



**Athen Kurian Varghese**
**(5th Birthday on 1st October)**






**Nohin Paul Shaji**
**(5th Birthday on 4th October)**



# *Happy Birthday*

**Paul Alex**

**(7th Birthday on 17th October)**



**Abel Prince**
**(12th Birthday on 9th October)**



**Hanna Elsa Alex (on 11th Oct.)**
**Helena Susan Alex (on 7th Sept.)**

# *Favours Received*



**Issac K.Y & Family**



**Tony Issac**

## Eldho Mor Baselious Bava (Kothamangalam)
# Perunnal







